DESPATCHED
On 2/3/23


# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


ഹർജി നമ്പർ **AP. 1078(2)/2020**/എസ്.ഐ.സി

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **8012**/എസ്.ഐ.സി-ജി 6/20)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ.ആർ.അനിൽ,**
**രാമച്ചംകുഴിപറമ്പിൽ,**
**തെ.ചിറ്റൂർ പി.ഒ., കൊച്ചി,**
**പിൻ - 682 027.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&**
   **സെക്രട്ടറി,**
   **ചേരാനെല്ലൂർ ഗ്രാമപഞ്ചായത്താഫീസ്,**
   **സൗത്ത് ചിറ്റൂർ പി.ഒ., എറണാകുളം - 682 027.**

2. **അപ്പീൽ അധികാരി&**
   **പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,**
   **പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,**
   **എറണാകുളം.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 29.02.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 20.03.2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 25.04.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 15.05.2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 08.08.2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 19.08.2020 |
| ഹിയറിംഗ് നടന്ന തീയതി | 14.12.2022, വീഡിയോ/ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് യാതൊരു മറുപ

ടിയും ലഭിക്കാത്തതിനാൽ സമർപ്പിച്ച ഒന്നാം അപ്പീലിന്മേൽ അപ്പീൽ അധികാരി ഉത്തരവിട്ടിട്ടും ടിയാൻ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കിയി ല്ലെന്നും ഇപ്രകാരം വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് സ്ഥിരമായി വിവരനിഷേധം നടത്തുകയും അപ്പീൽ ഉത്തരവുകൾ നടപ്പി ലാക്കാതെയും മനഃപ്പൂർവ്വം ചട്ടലംഘനം നടത്തുന്ന എസ്.പി.ഐ.ഒ.യ്ക്കെ തിരെ വിവരാവകാശ നയമം 20(1), 20(2) എന്നിവ പ്രകാരമുള്ള നടപടി സ്വീകരിക്കണമെന്നും ടിയാന് സൗജന്യമായി വിവരങ്ങൾ ലഭ്യമാക്കണമെ ന്നുമാണ്.

2. അപ്പീൽ ഹർജിക്കാരൻ 29.02.2020ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1. 11.02.2020ൽ ചേരാനെല്ലൂർ പഞ്ചായത്ത് ഡെപ്യൂട്ടി സെക്രട്ടറി ആർ. അനിൽ എന്ന പേരിൽ പുറപ്പെടുവിച്ച C2-4069/2019 എന്ന ഹീയറിംഗ് നോട്ടീസിൽ ഉള്ളടക്കം 11.02.2020ൽ ചേരാനെല്ലൂർ പഞ്ചായത്ത് സെക്രട്ടറി വർഗ്ഗീസ് തച്ചുതറ എന്ന പേരിൽ പുറപ്പെടുവിച്ച C2-4069/2019 എന്ന ഹീയ റിംഗ് നോട്ടീസിലെ സ്വീകർത്താവ് ശ്രീ.വർഗ്ഗീസ് തച്ചുതറയുടെ പേര് പരാമർശിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആയതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകണമെന്നും

1 (a) മേൽപ്പടി ഹിയറിംഗ് നോട്ടീസ് സെക്രട്ടറി തയ്യാറാക്കിയതും പുറപ്പെ ടുവിച്ചതും ആരുടെ പ്രേരണയിലാണെന്ന വിവരം അനുവദിച്ച് നൽകണ മെന്നും

1(b) മേൽ നോട്ടീസ് പ്രകാരം സെക്രട്ടറി നടത്തിയ ഹിയറിംഗിൽ അദ്ധ്യ ക്ഷയെ നിശ്ചയിച്ചത് ആരുടെ തീരുമാനപ്രകാരമാണെന്നും

1(c) മേൽപ്പടി ഹീയറിംഗിൽ പങ്കെടുത്തവരുടെ മൊഴികൾ രേഖപ്പെടുത്തി യിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് നൽകണമെന്നും തുടങ്ങി 2 ഇനങ്ങളിലും 5 ഉപയിനങ്ങളിലുമായുള്ള വിവരങ്ങളാണ്.

3. ടി അപേക്ഷയ്ക്ക് മറുപടി ലഭ്യമായില്ലെന്നാരോപിച്ച് 25.04.2020ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 15.05.2020ന് നൽകിയ മറുപടിയിൽ പ്രസ്താവി

ച്ചത്, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി ലഭിച്ചില്ല എന്നാണ് ടിയാന്റെ അപ്പീൽ ഹർജിയിലെ ആക്ഷേപമെന്നും 02.05.2020ലെ നോട്ടീസ് പ്രകാരം എസ്.പി.ഐ.ഒ. നൽകിയ റിപ്പോർട്ടും ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പും പരിശോധിച്ചതിൽ 27.03.2020ന് ഹർജിക്കാരന് മറുപടി നൽകിയതായി കാണുന്നുവെന്നും ആയത് വിവരാവകാശ നിയമപ്രകാരമുള്ള നിശ്ചിത സമയപരിധിയ്ക്കുള്ളിലാണെന്നും നിരീക്ഷിച്ചുകൊണ്ട് റിപ്പോർട്ടിനോടൊപ്പമുള്ള മറുപടിയുടെ പകർപ്പ് പരിശോധിച്ചതിൽ നൽകിയിട്ടുള്ള മറുപടി തൃപ്തികരമാണെന്നു അപ്പീൽ അധികാരി വിലയിരുത്തി. എങ്കിലും ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി ലഭിച്ചില്ല എന്ന ആക്ഷേപം നിലനിൽക്കുന്ന സാഹചര്യത്തിൽ ടി ഉത്തരവ് ലഭിച്ച് 5 ദിവസത്തിനുള്ളിൽ മറുപടിയുടെ പകർപ്പ് രജിസ്റ്റേർഡ് തപാലിൽ ഹർജിക്കാരന് അയച്ചുകൊടുക്കുന്നതിന് എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കിയെന്നുമാണ്.

4. രണ്ടാം എതിർകക്ഷി 13.10.2020ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്,ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിൽ 11.02.2020ൽ ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പുറപ്പെടുവിച്ച സി2-4009/2019 എന്ന ഹീയറിംഗ് നോട്ടീസുമായി ബന്ധപ്പെട്ട വിവരങ്ങളാണെന്നും ആയതിന് മറുപടി ലഭിച്ചില്ല എന്നാണ് അപ്പീലിൽ ആക്ഷേപം ഉന്നയിച്ചിരിക്കുന്നതെന്നും എസ്.പി.ഐ.ഒ. നൽകിയ റിപ്പോർട്ടും അതോടൊപ്പമുള്ള ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പും പരിശോധിച്ചതിൽ 27.03.2020ന് ഹർജിക്കാരന് മറുപടി അയച്ചു നൽകിയതായി കാണുന്നുവെന്നാണ്. നിശ്ചിത സമയപരിധിയ്ക്കകം മറുപടി നൽകിയിട്ടുണ്ടെന്നും മറുപടിയുടെ പകർപ്പ് പരിശോധിച്ചതിൽ തൃപ്തികരമാണെന്നു വിലയിരുത്തുകയും എങ്കിലും ടിയാന് മറുപടി ലഭിച്ചില്ലെന്ന ആക്ഷേപം നിലനിൽക്കുന്നതിനാൽ ടി ഉത്തരവ് ലഭിച്ച് 5 ദിവസത്തിനുള്ളിൽ മറുപടിയുടെ പകർപ്പ് രജിസ്റ്റേർഡ് തപാലിൽ ഹർജിക്കാരന് അയച്ചുകൊടുക്കുന്നതിന് എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കിയെന്നുമാണ്. കൂടാതെ മേൽവിലാസത്തിൽ രാമച്ചംകുഴി പറമ്പിൽ വീട് എന്ന് ചേർത്തിട്ടുള്ളത് രാമച്ചംകുഴി പറമ്പിൽ എന്നുള്ളത് വീട്ടുപേരാണെന്നു ധരിച്ചുകൊണ്ടും സാധാരണയായി വീട്ടുപേരിനോടൊപ്പം വീട് എന്നാണ് ചേർത്താണ് മേൽവിലാസം രേഖപ്പെടുത്താറുള്ളത് എന്നതിനാലാണെന്നും മേലിൽ ആവർത്തിക്കില്ല എന്നും

ബോധിപ്പിക്കുന്നതോടൊപ്പം ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ റിപ്പോർട്ടി നോടൊപ്പം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരു കക്ഷികളെയും നേരിൽ കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടു ണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ അപ്പീൽ അധികാരി ഉത്തരവിട്ടിട്ടും എസ്.പി.ഐ.ഒ. മറുപടി ലഭ്യമാക്കിയില്ലെ ന്നാണ് ഹർജിക്കാരന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, അപ്പീൽ തീർപ്പാക്കൽ ഉത്തരവ് എസ്.പി.ഐ.ഒ. നടപ്പിലാക്കിയിട്ടില്ലെന്നു കമ്മീഷനു ബോധ്യമാകുന്നു. ടി വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി പ്രഥമദൃ ഷ്ട്യാ കുറ്റക്കാരനാണെന്നു കാണുന്നതിനാൽ പ്രസ്തുത എതിർകക്ഷി യ്ക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിത സമയത്തി നകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെ തിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കു ന്നതായിരിക്കും.

6. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2023 ഫെബ്രുവരി 16–ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കി ഉത്ത രവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/